LIBRARY ARCHIVES Kerala Legislative Assembly

ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

134 [898] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡി തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം തുടങ്ങിയോ ;

(ബി) ഇല്ലെങ്കിൽ അത് നടപ്പിലാക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) തടസ്സങ്ങൾ മാറ്റിയെടുക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1999 മുതൽ ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ബി & സി) പ്രസക്തമല്ല.

ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്ക് ക്ഷേമനിധി

135 [899] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ക്ഷേമനിധിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിക്കൊണ്ടുള്ള ഓർഡിനൻസ് (2005-ലെ 24-ാം നമ്പർ ഓർഡിനൻസ്) 21-2-2005-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണമടക്കമുള്ള തുടർ നടപടികളുടെ ഭാഗമായി കരട് പദ്ധതി തയ്യാറാക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(സി) 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനുമാണ് ഈ ക്ഷേമനിധി വിഭാവനം ചെയ്യുന്നത്.